സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.ജി(2) 44194/2008 തീയതി : 10-11-2008

## സർക്കുലർ നം: 72/2008

വിഷയം:- സഹകരണ വകുപ്പ് - കേന്ദ്ര കാർഷിക കടം എഴുതിത്തള്ളലും, കടാശ്വാസവും പദ്ധതി 2008 - പലിശ, പിഴപ്പലിശ ഈടാക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സഹകരണസംഘം രജിസ്ട്രാറുടെ 41/2008 നമ്പർ സർക്കുലർ.
2. പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷനും, കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയനും സംയുക്തമായി സമർപ്പിച്ച നിവേദനം.
3. 30-10-2008-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

*****

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക കടം എഴുതിത്തള്ളലും കടാശ്വാസവും പദ്ധതി 2008 - സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് നബാർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സൂചന(1) പ്രകാരം സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും എഴുതിത്തള്ളിയ കാർഷിക വായ്പകൾക്ക് 29-2-2008-ന് ശേഷം കർഷകനിൽ നിന്നും പലിശ ഈടാക്കുവാൻ പാടില്ലായെന്നും പിഴപ്പലിശ ഒഴിവാക്കണമെന്നുമാണ് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നത്. കാർഷിക കടാശ്വാസ പദ്ധതി നിലവിൽ വന്നതോടുകൂടി കാർഷിക വായ്പാ തിരിച്ചടവ് പൂർണ്ണമായും നിലച്ചിരിക്കുകയുമാണ്. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, സംസ്ഥാനത്തെ ചില ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും എഴുതിത്തള്ളിയ കാർഷിക വായ്പകൾക്ക്, ജില്ലാ ബാങ്കിൽ നിൽക്കുന്ന തുകകൾക്ക് 29-2-2008-ന് ശേഷം പലിശ ഈടാക്കുന്നതായി പരാമർശിച്ച് സൂചന(2) പ്രകാരം നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. ഇതേ വിഷയം പരാമർശിച്ച് പ്രാഥമിക സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നിരവധി നിവേദനങ്ങൾ ഈ കാര്യാലയത്തിനും സർക്കാരിനും ലഭിച്ചിട്ടുണ്ട്.

മേൽ നിവേദന വിഷയം 30-10-2008-ന് കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ചർച്ച ചെയ്യുകയും, കേന്ദ്ര കടാശ്വാസ പദ്ധതിയിൻകീഴിൽ നബാർഡിൽ നിന്നും ലഭ്യമായ തുക അതാതു സംഘങ്ങൾക്ക് ലഭിക്കേണ്ടത് അതുപോലെ നൽകുന്നതിനും, എഴുതിത്തള്ളിയ വായ്പകൾക്ക് 29-2-2008-ന് ശേഷമുള്ള പലിശ ഇപ്പോൾ ഈടാക്കേണ്ടെന്നും, പിഴപ്പലിശ ഒഴിവാക്കുന്നതിനും യോഗം തീരുമാനിച്ചു. ടി തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നു.

കേന്ദ്ര കടാശ്വാസ പദ്ധതിയിൻകീഴിൽ നബാർഡ് കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി അനുവദിച്ച് നൽകിയ തുക ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കുകൾ ആനുപാതികമായി അതാത് സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വരവുവച്ച് നൽകേണ്ടതും, ടി പദ്ധതിയിൻകീഴിൽ എഴുതിത്തള്ളിയ വായ്പകൾക്ക് 29-2-2008-ന് ശേഷമുള്ള പലിശ ഇപ്പോൾ ജില്ലാ ബാങ്കുകൾ ഈടാക്കാൻ പാടില്ലായെന്നും, ടി വായ്പകളുടെ പിഴപ്പലിശ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
6. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
7. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
8. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)